LIBRARY ARCHIVES Kerala Legislative Assembly

മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

114(724) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ?

1251 കിലോമീറ്റർ വരുന്ന മലയോര ഹൈവേയുടെ 255 കിലോമീറ്റർ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കിലോമീറ്റർ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ?

മലയോര ഹൈവേയുടെ 14.975 കിലോമീറ്ററാണ് പേരാമ്പ്ര നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നത്.

(സി) ഇതിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തൊട്ടിൽപ്പാലം മുതൽ തലയാട് വരെയുള്ള മലയോര ഹൈവേയുടെ 36 കിലോമീറ്ററിൽ 6.2 കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 14.25 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതും സ്ഥല ലഭ്യതയുള്ളതുമായ റീച്ചിൽ ഭാഗിക സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിയിൽ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗം വനംവകുപ്പ്, നാറ്റ്പാക് എന്നിവരുമായി ചേർന്ന് 6-7-2021-ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പ്രകാരം മാറ്റം വരുത്തുന്നതിനുള്ള സാധ്യതകൾ നാറ്റ്പാക് പരിശോധിച്ചുവരുന്നു.

പാലിയേക്കരയിലെ ടോൾ പ്ലാസ

115(725) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് നിയോജകമണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ് പുതുക്കുന്നതിനായി ഓരോ മൂന്ന് മാസത്തിലും വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെ പകർപ്പും ആറ് മാസത്തിലൊരിക്കൽ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകണമെന്ന ടോൾപ്ലാസ അധികാരികളുടെ നിബന്ധന കോവിഡ് മഹാമാരി വ്യാപന സാധ്യത കണക്കിലെടുത്ത് വർഷത്തിലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ?

നിലവിൽ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ കാലാവധി ആറുമാസമായതിനാലാണ് സൗജന്യ പാസ് ആറ് മാസത്തേയ്ക്കാക്കിയിട്ടുള്ളത്. ഇളവ് ആവശ്യമായ എല്ലാ രേഖകളും ടോൾ പ്ലാസാ നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുങ്ങല്ലൂരിനും എൻ.എച്ച്.എ.ഐ.-ക്കും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി കൊടുക്കേണ്ടതാണ്. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നത് പ്രായോഗികമല്ല.

റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി

116(726) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. നൗഷാദ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കുന്നതിനും റിംഗ് റോഡ് എന്ന പേരിൽ ആരംഭിച്ച തൽസമയ ഫോൺ ഇൻ പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അറിയിക്കുന്നതിനും വേണ്ടിയാണ് 'റിംഗ് റോഡ് എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി ആരംഭിച്ചത്. ജൂൺ മാസത്തിൽ ആഴ്ചയിൽ ഒരു ദിവസം എന്നരീതിയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കുകയും പരാതി പരിഹരിക്കുകയുമാണ് ചെയ്തത്. 1800 425 7771 എന്ന ടോൾ ഫ്രീ നമ്പരിൽനിന്നും ജനങ്ങൾക്ക് വിളിക്കാൻ സൗകര്യമൊരുക്കുന്നതാണ് പദ്ധതി. പൊതുമരാമത്ത് വകുപ്പുമന്ത്രി ജനങ്ങളുടെ പരാതി കേൾക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് തത്സമയം വിളിച്ച് പരാതി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് റിംഗ് റോഡിലൂടെ ചെയ്യുന്നത്. ഉടൻ പരിഹരിക്കാൻ കഴിയുന്ന പരാതികൾ പരിഹരിക്കുകയും ചെയ്യുന്നു.

(ബി) റിംഗ് റോഡ് പരിപാടിയുടെ ഭാഗമായി വകുപ്പുമന്ത്രി നടത്തിയ ഇടപെടലുകളും അതുമൂലമുണ്ടായിട്ടുള്ള നേട്ടങ്ങളും വിവരിക്കാമോ?

" റിംഗ് റോഡ്" ഫോൺ ഇൻ പരിപാടിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പുമന്ത്രി സ്വീകരിച്ച പരാതികൾ വകുപ്പിന്റെ പൊതുപദ്ധതികളായി മാറുന്നുണ്ട്. ഒരാളുടെ പരാതി എന്നതിലുപരി ഒരു ജനതയെ ബാധിക്കുന്ന പരാതിയെന്ന

LIBRARY ARCHIVES Kerala Legislative Assembly